# 5

## ഞങ്ങൾക്കു് ആവശ്യമുള്ള ആഹാരം ഇന്നു തരണമേ

1. ഈ അപേക്ഷ കർത്തൃപ്രാർത്ഥനയിലെ വഴിത്തിരിവാണ്. മുമ്പുള്ള മൂന്നപേക്ഷകളും ദൈവോന്മുഖമായിരുന്നു. ഉൽക്കടമായ ദാഹത്തോടും സമ്പൂർണ്ണമായ താല്പര്യത്തോടും നാമും 'നിന്റെ നാമം വിശുദ്ധമാകപ്പെടേണമേ, നിന്റെ രാജ്യം വരേണമേ, നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ' എന്നീ അഭിവാഞ്ഛകൾ ആത്മാർത്ഥമായി പ്രകാശിപ്പിക്കണം. ഇതാണ് പ്രാർത്ഥനയുടെ ആദ്യത്തെ മുഖം. നമ്മുടെ സ്വകാര്യപ്രാർത്ഥനകളും മദ്ധ്യസ്ഥപ്രാർത്ഥനകളുമായി പ്രാർത്ഥന ആരംഭിച്ചാൽ അതിന്റെ സ്വഭാവത്തെ അല്പമായെങ്കിലും നാം വികലമാക്കുകയായിരിക്കും ചെയ്യുന്നതു്. ദൈവഹിതം നിറവേറപ്പെടണമെന്ന ആഗ്രഹത്തോടു് ഗാഢമായി ബന്ധപ്പെടാത്ത യാതൊരു മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കും ക്രിസ്തീയസാധുത്വം ഉണ്ടാവാൻ സാധ്യമല്ല. കർത്തൃപ്രാർത്ഥനയുടെ രണ്ടാംഭാഗം ഇതേ വിധത്തിൽ പ്രധാനപ്പെട്ടതാണ്. ഇതു് മനുഷ്യവർഗ്ഗത്തിന്റെ ആവശ്യങ്ങളെ സംബന്ധിച്ചുള്ളതാണ്. മനുഷ്യന്റെ സകല ആവശ്യങ്ങളും അവസാനത്തെ മൂന്നപേക്ഷയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ചരിത്രപരവും സാമൂഹികവും ജീവിതപ്രധാനവുമായ കാര്യങ്ങളാണിതിലുള്ളതു്. ലംബാത്മകവും തിരശ്ചീനവുമായവ തമ്മിൽ സംഘർഷമില്ല. 'ഞങ്ങൾക്കു് അപ്പം തരണമേ' എന്ന പ്രാർത്ഥന ദൈവത്തോടു നടത്തുന്നതു് ഇവിടെ മാത്രമാണ്. ഇതോടു സമാനമായ ഒരു വാക്യം മാത്രമെ ഉള്ളു. 'കർത്താവേ ഈ അപ്പം എപ്പോഴും ഞങ്ങൾക്കു തരേണമേ' (യോഹ. 6:34) സമ്പന്നമായ സമുദായത്തിൽ ഈ പ്രാർത്ഥനയ്ക്കു് യാഥാർത്ഥ്യവുമായി ബന്ധമില്ലെന്നു തോന്നാം. എന്നാൽ സമസ്ത മാനവവംശത്തെക്കുറിച്ചും ബോധവാന്മാരാകു



മ്പോൾ ഈ പ്രാർത്ഥനയ്ക്കു് തികഞ്ഞ അർത്ഥഗൗരവം ലഭിക്കുന്നു. ഉൽപാദനസൗകര്യങ്ങളും വിതരണസൗകര്യങ്ങളും ഇത്രമേൽ വികസിച്ചിട്ടുള്ള ആധുനികകാലത്തു്, പട്ടിണികിടക്കേണ്ടിവരുന്ന ജനകോടികളെ നമ്മുടെ പ്രാർത്ഥനയിൽ ഉൾക്കൊള്ളാൻ കഴിഞ്ഞാൽ ഈ അപേക്ഷ ലേശവും അർത്ഥശൂന്യമെന്നു തോന്നുകയില്ല.

2. 'എനിക്കു്' എന്നല്ല 'ഞങ്ങൾക്കു്' എന്ന വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നതു്. അപ്പത്തിന്റെ ആവശ്യം വ്യക്തിഗതമാണ്. പക്ഷേ ആ ആവശ്യം തൃപ്തികരിക്കപ്പെടുവാൻ വ്യക്തിയുടെ മാത്രം പരിശ്രമംകൊണ്ടു് കഴിയുന്നതല്ല. സാമൂഹികമായ പരിശ്രമം ആവശ്യമാണ്. പഴയനിയമത്തിൽ വ്യക്തിഗതസംതൃപ്തിയെപ്പററി പറയുന്നുണ്ടു് (സഭാ.പ്ര. 9:7; യശ. 58:7) എന്നാൽ കർത്താവോടുകൂടി നാം മനുഷ്യകൂട്ടായ്മയുടെ ഒരു പൂർണ്ണബോധ്യം കരഗതമാക്കുന്നു. അതുകൊണ്ടു് 'എന്റെ പിതാവെ' എന്നല്ല 'ഞങ്ങളുടെ പിതാവേ' എന്നു വിളിക്കുന്നു. സമസ്ത മാനവജാതിയും സഹോദരീസഹോദരങ്ങളാണ്. ഇവിടെ മതവർഗ്ഗവർണ്ണവ്യത്യാസമില്ല. ക്രിസ്ത്യാനിക്കുവേണ്ടി മാത്രമല്ല ഹിന്ദുവിനും മുസ്ലീമിനും, സിക്കുകാരനും, നിരീശ്വരനും എല്ലാം വേണ്ടിയുള്ള ആഹാരത്തിനായിട്ടാണ് നാം പ്രാർത്ഥിക്കുന്നതു്. ഇവിടെ സ്വാർത്ഥതയ്ക്കു് സ്ഥാനമില്ല. എല്ലാവരുടേയും പിതാവായ ദൈവത്തോടു് എല്ലാവർക്കും വേണ്ടിയാണപേക്ഷിക്കുന്നതു്. മററുള്ളവരുടെ വിശപ്പിനെപ്പററി കരുതലില്ലാതെ സ്വന്ത സംതൃപ്തിമാത്രം നോക്കുമ്പോൾ അതു് കൂട്ടായ്മയുടെ ലംഘനമായിത്തീരുന്നു. ഭക്ഷിക്കുക എന്നതു് കേവലം പോഷകാവശ്യനിർവ്വഹണം മാത്രമല്ല അർത്ഥമാക്കുന്നതു്. അതു് ഒരു സാമൂഹ്യപ്രവർത്തിയാണ്. മററുള്ളവരുടെ പട്ടിണിയും വേദനയും കണ്ടുകൊണ്ടുള്ള സന്തോഷകരമായ ഭക്ഷണം മാനുഷികമല്ല. ദിവസവുമുള്ള ഭക്ഷണം ജീവിതത്തിനു് അടിസ്ഥാനപരവും ആവശ്യവുമായ സന്തോഷം നൽകുന്നു. എന്തെങ്കിലും സന്തോഷം അർത്ഥവത്തായിട്ടുണ്ടാകുന്നതു് ഉള്ളതു് പങ്കുവയ്ക്കുന്നതിലൂടെ മാത്രമാണ്. കൂട്ടായ്മയുടെ ബന്ധം നിലനില്ക്കുന്നതു് മാനുഷികഅപ്പം പങ്കുവയ്ക്കുന്നതിലൂടെയും അതിലൂടെ വിശപ്പുള്ളവൻ സംതൃപ്തനാകുന്നതിലൂടെയുമാണ്. ഇവിടെയാണ് 'ഞങ്ങൾ' എന്ന വാക്കിന്റെ പ്രസക്തി.

3. 'ആവശ്യമുള്ള' ആഹാരം തരണമേ എന്നാണ് പ്രാർത്ഥിക്കുന്നതു്. നമ്മുടെ ശരീരാവശ്യങ്ങളുമായി ബന്ധപ്പെട്ട സർവ്വതിനുമായിട്ടാണ് നാം അപേക്ഷിക്കുന്നതു്. ആവശ്യത്തിനുള്ള ആഹാരം നാം യാചിക്കുമ്പോൾ ആവശ്യത്തിലധികം തരരുതെ എന്നുകൂടി നാം പ്രാർത്ഥിക്കുകയാണ്. ജീവിതാവശ്യങ്ങളെക്കാൾ കൂടുതൽ സംഗതികൾ സമ്പാദിച്ചുകൂട്ടുന്നതു പരി

പൂർണ്ണതയ്ക്കു് പരിശ്രമിക്കുന്നവർക്കു് അനുവദനീയമല്ല. 'ആവശ്യമുള്ള' എന്ന വാക്കിലൂടെ ജീവിതാവശ്യത്തിലേക്കാണു പ്രാർത്ഥനയിൽ ശരിയായി വിരൽ ചൂണ്ടുന്നതു്. അതായതു് നമ്മുടെ പ്രകൃതിക്കു് പ്രയോജനപ്രദവും ഉപകാരപ്രദവുമായ സംഗതികൾ എന്നത്രെ. ദൈവത്തെ മഹത്വീകരിക്കുന്നതിനും സേവിക്കുന്നതിനും നമ്മുടെ ജീവിതത്തെ നിലനിർത്താൻ ആവശ്യമായ എല്ലാ ഭൗതീകമായ അടിസ്ഥാനസാഹചര്യങ്ങളും എന്നാണർത്ഥം. ലോകത്തിലുള്ള ഭക്ഷണം മുഴവൻ തുല്യമായി എല്ലാവർക്കും വീതിക്കുമ്പോൾ അതിന്റെ ഒരംശം എനിക്കു ലഭിച്ചാൽ മതി എന്നാണിതിന്റെ അർത്ഥം. നമ്മുടെ ആവശ്യം എത്രത്തോളം എന്നു വ്യക്തമാക്കുന്ന ഒരു വാക്യം സദൃശ്യവാക്യങ്ങളിൽ കാണാം. 'ദാരിദ്ര്യവും സമ്പത്തും എനിക്കു തരാതെ നിത്യവൃത്തി തന്നു് എന്നെ പോഷിപ്പിക്കണമേ. ഞാൻ തൃപ്തനായിത്തീർന്നിട്ടു്; യഹോവ ആർ എന്നു നിന്നെ നിഷേധിപ്പാനും ദരിദ്രനായിരുന്നിട്ടു് മോഷ്ടിച്ചു് എന്റെ ദൈവത്തിന്റെ നാമത്തെ തീണ്ടിപ്പാനും സംഗതിവരരുതെ' (സദൃ. 30:8–9) ദരിദ്രകോടികൾ പട്ടിണിയുമായി പടപൊരുതുമ്പോൾ അനാവശ്യമായി സമ്പത്തു കൂട്ടിവെച്ചു് സുഖിച്ചു പുളയ്ക്കുന്നതു് ദൈവനീതിയോടുള്ള നിഷേധവും മനുഷ്യസാഹോദര്യത്തിന്റെ ലംഘനവും കടുത്ത പാപവുമാണു്. ആവശ്യത്തിലധികം കയ്യിൽ വച്ചിരിക്കുന്നതു് ഇല്ലായ്മയിൽ കഴിയുന്നവനവകാശപ്പെട്ടതാണു്. മഹാനായ ബസ്സേലിയോസിന്റെ വാക്കുകൾ ശ്രദ്ധാർഹമാണു്. 'സ്വകാര്യവ്യക്തികൾ അനാവശ്യമായി സ്വത്തു് സ്വരൂപിക്കുന്നതു് ഒരുതരം അനീതിയാണു്. നിരുത്തരവാദിത്തപരമായി ധനവിനിയോഗം ചെയ്യുന്നതും അത്യാഗ്രഹത്തിനടിമപ്പെടുന്നതും ദൈവേച്ഛയുടെ ലംഘനമാണു്....മർദനസംവിധാനത്തിൽ പങ്കുകൊള്ളുന്ന ധനമോഹികൾ ആരോ അവർ എവിടെ നോക്കിയാലും അവരുടെതന്നെ കുററകൃത്യങ്ങളുടെ ചിത്രമാണു് കാണാൻ കഴിയുന്നതു്...നിങ്ങൾ നിങ്ങളുടെ കതകുകൾ ആവശ്യക്കാരുടെ മുമ്പിൽ തുറന്നില്ല. ആകയാൽ നിങ്ങൾക്കു ദൈവരാജ്യം അടയ്ക്കപ്പെട്ടിരിക്കും. നിങ്ങൾ ഒരു കഷണം റൊട്ടി കൊടുത്തില്ല. 'നിങ്ങൾക്കു നിത്യജീവൻ വിലക്കപ്പെടും.' ജോൺ ക്രിസോസ്റ്റം പറയുന്നു: 'നിന്റെ അലമാരിയിലിരിക്കുന്ന ആഹാരം വിശപ്പുള്ള മനുഷ്യനു് അവകാശപ്പെട്ടതാണു്. നിന്റെ കുളിമുറിയിൽ തൂക്കിയിട്ടിരിക്കുന്ന വസ്ത്രം അതു് ആവശ്യത്തിലിരിക്കുന്നവനു് അവകാശപ്പെട്ടതാണു്. നിന്റെ മുറിയുടെ മൂലയിൽ കിടക്കുന്ന ചെരിപ്പ് അതു് ഇല്ലാത്തവനു് അവകാശപ്പെട്ടതാണു്.'

4. 'തരണമേ' എന്ന വാക്കു് അർത്ഥമാക്കുന്നതു് ദൈവമാണു് മനുഷ്യനാവശ്യമായവ ദാനംചെയ്യുന്നതു്. ആകയാൽ



നമ്മുടെ ജീവൻ അവന്റെ കരുണയിൽ നിലനില്ക്കുന്നു. ആ കരുണയെ സദായിപ്പോഴും നന്ദിനിറഞ്ഞ ഹൃദയത്തോടെ സ്തോത്രം ചെയ്‌വാൻ നാം കടപ്പെട്ടവരാണു്. മാത്രമല്ല 'തരണമേ' എന്നു സർവ്വശക്തനും സ്നേഹവാനുമായ പിതാവിനോടു നാം അപേക്ഷിക്കുമ്പോൾ നമ്മുടെ ദൈവത്തിലുള്ള സമ്പൂർണ്ണ ആശ്രയവും വിധേയത്വവും വ്യക്തമാക്കുകയാണു്. ഒപ്പം അവൻ അന്നന്നുള്ള ആവശ്യങ്ങളെ നിറവേററുവാൻ മതിയായവനാണു് എന്ന ബോധവും അങ്കുരിക്കുന്നു. സങ്കീർത്തനക്കാരൻ പറയുന്നു 'എല്ലാവരുടേയും കണ്ണു് നിന്നെനോക്കിയിരിക്കുന്നു. നീ തൽ സമയത്തു് അവർക്കു ഭക്ഷണം കൊടുക്കുന്നു. നീ തൃക്കൈ തുറന്നു് ജീവനുള്ളതിനൊക്കെയും പ്രസാദംകൊണ്ടു് തൃപ്തിവരുത്തുന്നു.' (സങ്കീ. 145:15,16) ഇവിടെ ഒരു കാര്യം അനുസ്മരിക്കണം. യിസ്രായേൽ ജനത്തിനു് മരുഭൂമിയിൽ മന്നാ നൽകിയതുപോലെ നൽകുമെന്നു കരുതി. നോക്കിപാർത്തു് പ്രാർത്ഥിക്കുവാനല്ല, നമുക്കാവശ്യമുള്ളവ ദൈവം നൽകുമെന്നു് ഉറച്ചു് വിശ്വസിച്ചുകൊണ്ടുതന്നെ നമുക്കു ദൈവം നൽകിയിരിക്കുന്ന കഴിവുകളും പ്രകൃതിവിഭവങ്ങളും യഥായോഗ്യം ഉപയോഗിച്ചു് ഉത്തരവാദിത്വത്തോടെ പ്രയത്നിക്കുവാനും ഉല്പാദനവസ്തുക്കൾ നീതിപൂർവ്വം പങ്കുവയ്ക്കുവാനും കഴിയണം. ദൈവം മനുഷ്യനെ സൃഷ്ടിച്ചതു് അലസനായിരിപ്പാനല്ല. 'ജോലി ചെയ്യാത്തവൻ ഭക്ഷിക്കയുമരുതു്'' എന്ന പ്രമാണം നാം എപ്പോഴും ഓർക്കണം.

5. 'അപ്പം' എന്നതിനു് ഹീബ്രുവിൽ 'lehem' എന്നും അറമയാ ഭാഷയിൽ 'lahma' എന്നുമുള്ള സുപരിചിത വാക്കുകളാണുപയോഗിക്കുന്നതു്. ഗോതമ്പുമാവിൽനിന്നുണ്ടാക്കുന്ന ഭക്ഷണം മാത്രമല്ല ഏതു ഭക്ഷണത്തിനും ഈ വാക്കു് ഉപയോഗിക്കും. ഗ്രീക്കിൽ അപ്പത്തിനു് 'artos' എന്ന വാക്കു് ഉപയോഗിച്ചിരിക്കുന്നു. സെപ്‌റവജിൻറിൽ വിശാലാർത്ഥമാണിതിനുള്ളതു്. യാഗാർപ്പണത്തോടനുബന്ധിച്ചു് 'ദൈവത്തിന്റെ ഭോജനം' എന്നു് ഉപയോഗിച്ചിരിക്കുന്നു. (ലേവ്യ. 21:6,8, 17:21) സദൃശ്യവാക്യത്തിൽ ഒരുവനു് ആവശ്യമായ ഭക്ഷണത്തിനു് (നിത്യവൃത്തി) ഈ വാക്കു് ഉപയോഗിച്ചിരിക്കുന്നു. (സദൃ. 30:8) ഒരു ആവശ്യവും സംതൃപ്തമാക്കുന്നതെന്തോ അതിനായി ഈ വാക്കു് ഉപയോഗിക്കുന്നു. 'lehem' എന്ന വാക്കു് പോഷണം (nourishment) എന്നും തർജ്ജിമചെയ്തിട്ടുണ്ടു്. 'artos' എന്ന ഗ്രീക്കു വാക്കിനു് പൊതുവായി 'ഭക്ഷണം' എന്നാണു് അർത്ഥമാക്കുന്നതു്. 'അപ്പം' എന്ന കർത്തൃപ്രാർത്ഥനയിലെ ഈ വാക്കിനു് പലരും പല വ്യാഖ്യാനങ്ങൾ നൽകുന്നുണ്ടു്. ഒറിഗൻ, അംബ്രോസ് എന്നീ സഭാ പിതാക്കന്മാരുടെ അഭിപ്രായത്തിൽ 'അപ്പം' എന്നതുകൊണ്ടു് കർത്താവു് അർത്ഥമാക്കിയതു് 'വി. കുർബ്ബാന'യായിട്ടാണു്. ആദിമസഭ കർത്തൃപ്രാർ

ത്ഥന. കർത്തൃമേശയുമായി ബന്ധപ്പെടുത്തിയിരുന്നു. എല്ലാദിവസവും കർത്തൃമേശയിങ്കൽവന്നു് ആത്മീക ഭക്ഷണം നൽകണമേ എന്നു് പ്രാർത്ഥിച്ചതിനെ ഇതുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിച്ചുപോന്നു. 'അപ്പ'ത്തെ ദൈവ വചനമാകുന്ന ആത്മീകഭക്ഷണമായി വ്യഖ്യാനിച്ചിട്ടുണ്ടു്? അതു് മനുഷ്യമനസ്സിനും, ഹൃദയത്തിനും ആത്മാവിനും പോഷണം നൽകുന്നതാണല്ലോ. ഈ 'അപ്പ'ത്തെ യേശുവുമായി താദാത്മ്യപ്പെടുത്തി ചിന്തിക്കുന്നുണ്ടു്. കർത്താവു പറയുന്നുണ്ടല്ലോ 'ഞാൻ ജീവന്റെ അപ്പമാകുന്നു' (യോഹ. 6:33–35) എന്നു്. ജീവന്റെ അപ്പമാകുന്ന ക്രിസ്തുവിനെ ഉൾക്കൊള്ളുക വഴി നാം ശക്തിപ്രാപിക്കുന്നു സന്തോഷമനുഭവിക്കുന്നു. യഹൂദ ചിന്താഗതി എടുക്കുമ്പോൾ ഈ അപേക്ഷയിലെ 'അപ്പം' സ്വർഗ്ഗരാജ്യത്തിലെ അപ്പമായി കാണാം. (ലൂക്കോ. 14:15). യഹൂദചിന്ത പ്രകാരം മശിഹാ വരുമ്പോൾ അവനോടുകൂടി വിരുന്നിനു് തെരഞ്ഞെടുക്കപ്പെട്ടവർ ഭക്ഷണത്തിനിരിക്കും.

6. ഞങ്ങൾക്കു് ആവശ്യമുള്ള അപ്പം എന്ന ആശയത്തോടു് വളരെ പ്രധാനപ്പെട്ട വിശേഷണമാണു് 'അനുദിനം'. ഇതിന്റെ ഗ്രീക്കുവാക്കു് 'epiousios' എന്നാണു്. ഇതിന്റെ അർത്ഥത്തെപ്പററി പണ്ഡിതന്മാരുടെ ഇടയിൽ വ്യത്യസ്ഥങ്ങളായ ആശയങ്ങളാണുള്ളതു്. ഈ പദം പുതിയനിയമത്തിലും മററു മതപരമായ എഴുത്തുകളിലുംവച്ചു് കർത്തൃപ്രാർത്ഥനയിൽ മാത്രമെ കാണുന്നുള്ളു. ഈ വാക്കിന്റെ പലവിധ തർജ്ജിമകൾ താഴെ കൊടുക്കുന്നതു് അർത്ഥവ്യത്യാസം മനസ്സിലാക്കുവാൻ സഹായിക്കും.

Give us today the food we need (Today's English Version)
Give us today our bread of substance (Ronald Knox following Jeromes English)
Give us bread for the morrow day by day (moffatt)
Give us each day the bread we need for the day (Philips Modern English)
Give us today bread for the day (Good speed)
Give us this day our daily bread or our bread for the morrow (R.S.M
Give us today our daily bread or for the morrow (New English Bible)

'Epiousios' എന്ന വാക്കിന്റെ ഒരു വ്യാഖ്യാനം: ഈ വാക്കു് ഉണ്ടായതു് epi (over, upon, through) einai (from the verb "to be") Ousios (ഒരു നാമവിശേഷണമാണു്) ചേർന്നാണു്. ഇതിന്റെ അർത്ഥം ഈ ദിവസത്തേക്കുള്ള അപ്പം, അന്നന്നത്തേക്കുള്ള അപ്പം, ഓരോ ദിവസവും നൽകപ്പെടുന്ന അപ്പം എന്നൊക്കെയാണു്. വേറൊരു രീതിയിൽ വ്യാഖ്യാനിച്ചാൽ നിലനി



ല്പിനാവശ്യമായ, നിലനില്പിനു് ഒഴിച്ചുകൂടാൻ പാടില്ലാത്ത അപ്പം എന്നാണു്. (the bread necessary for existence, indispensable for existence (epiousia)

'Epiousios' എന്നതിന്റെ മറെറാരു വ്യാഖ്യാനം അതു് ഉണ്ടായതു് epi—ienai ("to come or arrive) ousios എന്നിവ ചേർന്നാണു്. അർത്ഥം നാളെക്കുള്ള അപ്പം, വരുംദിവസത്തേക്കുള്ള അപ്പം, നമ്മുടെ ഭാവിയിലേക്കുള്ള അപ്പം എന്നൊക്കെയാണു്. ഏററവും സമകാലീനമായ വ്യാഖ്യാനപ്രകാരം epi എന്ന വാക്കു് 'concerning' or 'belonging to' എന്ന ആശയം സൂചിപ്പിക്കുന്നതിനാൽ Epiousios എന്ന വാക്കിന്റെ അർത്ഥം that which concerns the essence, the essential, the substantial".

7. മുകളിൽ പറഞ്ഞതിൽ ഏതാണു ശരി? നസറേത്തിലെ യേശുവിനെ യുഗാന്ത്യപരമായ കാഴ്ചപ്പാടിൽ കണ്ടുകൊണ്ടു് വ്യാഖ്യാനിച്ചാൽ രണ്ടാമത്തെ അർത്ഥം സ്വീകാര്യമായി കരുതാം എന്നു പറയുന്നവരുണ്ടു്. അതായതു് ഭാവിയിലെ അപ്പം ഈ ഞങ്ങൾക്കു് തരണമേ' എന്നാൽ കർത്താവു് ഉടനെ ദൈവരാജ്യത്തിന്റെ ആഗമനം പ്രതീക്ഷിച്ചിരുന്നില്ല എന്നു ചിന്തിക്കുന്നവർ Epiousis വ്യാഖ്യാനിക്കുന്നതു് ഇന്നത്തേക്കുള്ള അപ്പം എന്നാണു്. ഓരോ ദിവസത്തേക്കും ആവശ്യമായ അപ്പം എന്നു് മൂന്നാമത്തെ വ്യാഖ്യാനം. മുകളിൽ പറഞ്ഞ മൂന്നു വ്യാഖ്യാനങ്ങളും അതായതു് 'ഭാവിയിലെ അപ്പം' (future bread) അനുദിന ആഹാരം (daily bread) ആവശ്യമായ ആഹാരം (necessary bread) ഇവ മൂന്നും പരസ്പരബന്ധിതമാണു് ഈ വ്യാഖ്യാനങ്ങളെല്ലാം 'ഞങ്ങൾക്കു് ആവശ്യമുള്ള അപ്പം ഇന്നും ഞങ്ങൾക്കു തരണമേ' എന്നതിന്റെ പ്രതിദ്ധ്വനിയാണു് 'Epiousios' നൂററാണ്ടുകളിലൂടെ താഴെ പറയുന്നപ്രകാരം വ്യാഖ്യാനിച്ചിരുന്നതായി ഒരു പണ്ഡിതൻ രേഖപ്പെടുത്തിയിരിക്കുന്നു (a) ഞങ്ങളുടെ ഭൗമീകനിലനില്പിനാവശ്യമായ അനുദിന ആഹാരം (b) നാളത്തേക്കുവേണ്ടിയുള്ള അപ്പം, കേവലം പിറേറദിവസം എന്ന അർത്ഥത്തിലല്ല യുഗാന്ത്യത്തിലെ ആഹാരമായ സ്വർഗ്ഗീയ അപ്പം (c) ഞങ്ങളുടെ നിലനില്പിനാവശ്യമായ അപ്പം, കൂടുതലും വേണ്ട കുറവും വേണ്ട, ആവശ്യത്തിനുള്ളതു് മാത്രം (d) ജീവന്റെ അപ്പം അതായതു് കർത്താവു് പറയുന്ന 'ഞാൻ ജീവന്റെ അപ്പമാകുന്നു.' (വി. കുർബ്ബാന).

ഒറിഗൻ രണ്ടു സാധ്യതകൾ കാണുന്നു. ഒന്നാമത്തേതു്, 'ousia'യിൽ നിന്നുള്ളതാണു് അതു്. 'bread of substance' എന്ന അർത്ഥം ഉണ്ടാകുന്നു. മറെറാന്നു് Edienai എന്ന വാക്കിൽ നിന്നും 'bread for the future' എന്ന അർത്ഥം ഉണ്ടാകുന്നതായി വ്യാഖ്യാനിച്ചിരിക്കുന്നു. എന്നാൽ രണ്ടു സംഗതിയിലും 'Epiousios' എന്ന വാക്കു് സൂചിപ്പിക്കുന്നതു് അപ്പം എന്നതിനുപ

കരം ലോഗോസ് എന്ന പ്രതീകമാണ്. യറുശലേമിലെ സി
റിൽ ഇതിനെ അനുദിനഭക്ഷണമല്ലെന്നും ഇതു് വി. കുബ്ബാന
യെപററിയുള്ള സൂചനയാണ് നല്കുന്നതെന്നും പറയുന്നു.
നിസ്സായിലെ മാർഗ്രീഗോറിയോസും ജോൺ ക്രിസോസ്റ്റവും
അനുദിനഭക്ഷണത്തെപ്പററി പറയുന്നു.

8 പഴയ നിയമകാവ്യപുസ്തകത്തിലും പ്രവചനപുസ്തക
ത്തിലും അപ്പത്തെക്കുറിച്ചുള്ള പരാമർശനം രണ്ടു പശ്ചാത്തല
ത്തിൽ കാണാം. ഒന്നാമതു്, എല്ലാവർക്കും അപ്പം കൊടുക്കുന്ന
ദൈവത്തെ സ്തുതിക്കുന്നു. രണ്ടാമതു്, മനുഷ്യർ വിശക്കുന്നവർ
ക്കു് അപ്പം കൊടുക്കണമെന്നാജ്ഞാപിക്കുന്നു. ഈ ആജ്ഞ ദൈ
വസ്തുതി പ്രതിഫലിപ്പിക്കുന്നു. (യശ. 55:10) മനുഷ്യനു ലഭ്യ
മായതെന്തും ദൈവത്തിൻെറ ദാനമാണെന്നാണ് പഴയനിയമ
വിശ്വാസം. അതുകൊണ്ടാണ് ഇയ്യോബ്യ് പറയുന്നതു് 'യഹോ
വ തന്നു. യഹോവ എടുത്തു. യഹോവയുടെ നാമം വാഴ്ത്തപ്പെട്ടതാ
റാകട്ടെ' (ഇയ്യോബ് 1:21). മനുഷ്യനു് അനുദിന ഭക്ഷണവും
ദൈവത്തിൻെറ ദാനമാണ്. യാക്കോബ് വിദേശത്തുവച്ചു്
'യഹോവയോടു് അപ്പം തരണമെ' എന്നു ചോദിക്കുന്നുണ്ടു്.
(ഉല്പ. 28:20) ശരീരത്തിനാവശ്യമായ അനുദിന ഭക്ഷണം ദൈ
വത്തോടു ചോദിക്കുക എന്നതു് വിശക്കുന്നവൻേറയും വിദേശി
യുടേയും അവകാശവും ആവശ്യവുമാണ്. യശയ്യാവ് 58:7 ൽ
വിശക്കുന്നവനു അപ്പം കൊടുക്കുവാൻ നിർദ്ദേശിക്കുന്നു. 146:7ൽ
വിശക്കുന്നവർക്കു് ദൈവം ആഹാരം കൊടുക്കുന്നതായി പറയു
ന്നു. (സങ്കീ. 107:9). ഈ പശ്ചാത്തലത്തിൽ ഇതിനു ഒരു
പ്രത്യേക മാനമുണ്ടു്. വിശക്കുന്നവരുടേയും ദരിദ്രരുടേയും
അപേക്ഷയാണ് 'ഞങ്ങൾക്കു് അപ്പം തരണമേ'എന്നതു്. അനു
ദിന ആഹാരം എന്ന ആശയം പുതിയ നിയമത്തിൽ സുപരി
ചിതമായി കാണാവുന്നതാണ്. (അപ്പോ. പ്ര. 6:1; യാക്കോ
2:15).

9 'ഞങ്ങൾക്കു് ആവശ്യമുള്ള അപ്പം ഇന്നും ഞങ്ങൾക്കു്
തരണമേ' എന്ന അപേക്ഷയിൽ അനവധി ആശയങ്ങൾ ഗുപ്ത
മായിട്ടുണ്ടു്. സ്വർഗ്ഗസ്ഥനായ പിതാവ് നമ്മുടെ സ്രഷ്ടാവും
പരിപാലകനുമാണ്. മനുഷ്യനു ദൈവത്തെ കൂടാതെ ഒരു നിമി
ഷംപോലും ജീവിക്കുവാൻ സാധ്യമല്ല. സർവ്വ നന്മകളുടെയും
ഉറവയും നന്മകൾ വാരി വർഷിച്ചു് നമുക്കു നൽകുകയും ചെയ്യു
ന്ന സ്നേഹസമ്പൂർണ്ണനാണ് അവിടുന്നു്. ഈ വിധ സത്യങ്ങ
ളെ നാം സദായിപ്പോഴും ഓർക്കുകയും തന്നിൽ നാം പരിപൂർ
ണ്ണമായി ആശ്രയം വയ്ക്കുകയും ചെയ്യണമെന്നാണ് ഈ പ്രാർത്ഥ
ന നമ്മെ അനുസ്മരിപ്പിക്കുന്നതു്. (അപ്പോ പ്ര. 17:24–27)
ശാസ്ത്രസാങ്കേതിക അഭ്യുന്നതിയിൽ ആധുനിക മനുഷ്യൻ അ
വൻെറ സ്രഷ്ടാവായ ദൈവത്തെ വിസ്മരിച്ചു് സ്വതന്ത്രമായ



ജീവിതം നയിപ്പാനുള്ള അത്യുത്കടമായ വാഞ്ഛയിൽ കഴിയു
ന്നവനാണ്. എന്നാൽ ആ ദൈവമാണ് സർവ്വകൃപകളും അവനു
നൽകിയതു് എന്നു് ഓർക്കാറില്ല എന്നതു് ഖേദകരം തന്നെ.
അങ്ങിനെ ഓർക്കുന്നുവെങ്കിൽ തീർച്ചയായും ആ ദൈവ
ത്തിൻെറ മഹാ വലിയ കരുണയെ ഓർത്തു് നന്ദി നിറഞ്ഞ ഹൃദ
യത്തോട് സ്തുതിക്കുവാനും സ്തോത്രം ചെയ്യുവാനും ശ്രമിക്കുമാ
യിരുന്നു, അപ്രകാരം ചെയ്യണമെന്ന ആഹ്വാനമാണ് ഈ പ്രാ
ർത്ഥനയിൽ അടങ്ങിയിരിക്കുന്നതു്. ദൈവത്തോടുള്ള ആശ്രയ
വും നന്ദിയും നമ്മെ ആരാധനാനുഭവത്തിലേക്കു നയിക്കുന്നു.
തന്നോടുള്ള നന്ദി തന്നെ ശുശ്രൂഷിക്കുന്നതിനു് നമ്മെ പ്രചോ
ദിപ്പിക്കുകയും ചെയ്യും.

10 സഹോദര വർഗ്ഗത്തോടുള്ള നമ്മുടെ പ്രതിബദ്ധതയെ
ഈ അപേക്ഷ പ്രധാനമായി ചൂണ്ടിക്കാട്ടുന്നു. നമുക്കുവേണ്ടി
തന്നെ നാം ചോദിക്കുന്ന അനുഗ്രഹങ്ങൾ മററുള്ളവർക്കും ലഭി
ക്കണം എന്നുള്ള നമ്മുടെ ആഗ്രഹത്തെ ഈ പദം സൂചിപ്പിക്കു
ന്നു. ഈ അപേക്ഷ ഉച്ചരിക്കുമ്പോൾ മററുള്ളവരെയും അവരു
ടെ ആവശ്യങ്ങളേയും നാം ദൈവ മുമ്പാകെ സമർപ്പിക്കുകയാ
ണ് ചെയ്യുന്നതു്. പുതിയ നിയമസഭയെപ്പററി പറയുന്നു:
'വിശ്വസിച്ചവരുടെ കൂട്ടം ഏക ഹൃദയവും ഏക മനസ്സും ഉള്ളവ
രായിരുന്നു. തനിക്കുള്ളതു ഒന്നും സ്വന്തം എന്നു ആരും പറ
ഞ്ഞില്ല. സകലവും അവർക്കു പൊതുവായിരുന്നു ......എല്ലാ
വർക്കും ധാരാളം കൃപ ലഭിച്ചിരുന്നു. മുട്ടുള്ളവർ ആരും ആരും
അവരിൽ ഉണ്ടായിരുന്നില്ല' (അപ്പോ.പ്ര. 4:32,33). സമസ്ത
ലോകത്തിൻെറയും സമുദ്ധാരണത്തിനായി തൻെറ പുത്രനെയും,
പരിശുദ്ധാത്മാവിനേയും നൽകിയവനായ സ്നേഹവാനായ
പിതാവിനോടു് എല്ലാവർക്കുമാവശ്യമായ നന്മകൾക്കായി
അവർ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നു.
നാം അനുഭവിക്കുന്ന സർവ്വ നന്മകളും ദൈവം നമുക്കായി മാത്രം
നൽകിയിട്ടുള്ളതല്ല. ദൈവനാമ മഹത്വത്തിനും മററുള്ളവരുടെ
പ്രയോജനത്തിനുമായി ദൈവേഷ്ടപ്രകാരം വിനിയോഗിക്കാൻ
ദൈവത്തിൻെറ കാര്യവിചാരകന്മാരെന്ന നിലയിൽ നമ്മെ
ഏൽപ്പിച്ചിരിക്കുന്ന താലന്തുകൾ വിനിയോഗിക്കാനാണ്
ദൈവം ആഗ്രഹിക്കുന്നതു്. കരുതലിൻെറ മനോഭാവം കാത്തു
സൂക്ഷിക്കുന്നതിലൂടെയാണ് ദൈവീകരക്ഷയുടെ സാദ്ധ്യത.
ആന്തരീക ഘടനയിൽ കാണപ്പെടുന്ന മാനദണ്ഡത്തിൻെറ അ
ടിസ്ഥാനത്തിലാണ് പരമമായ ന്യായാധിപനാൽ നാം വിധി
ക്കപ്പെടുന്നതു്. അതായതു് വിശപ്പുള്ളവരേയും, നഗ്നരേയും,
തടവുകാരേയും, ദാഹാർത്തരേയും നാം പരിപാലിച്ചോ എന്ന
തിൻെറ അടിസ്ഥാനത്തിൽ. ആകയാൽ നമ്മുടെ അനുദിന
ജീവിത ദർശനം അപ്പം, വെള്ളം, വസ്ത്രം, അധഃസ്ഥിതവർഗ്ഗ

വുമായുള്ള താദാത്മ്യത എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. (മത്താ. 25:31–46). വിശപ്പുള്ളവന് അപ്പം കൊടുക്കുന്നതിനേക്കാൾ വലിയ പ്രാർത്ഥനയില്ല. 'പരാർത്ഥ പ്രധാന ജീവിതമാണ് ജീവൻ'. പരോന്മുഖമായ ജീവിതത്തിനു മാത്രമെ നിത്യസത്യവുമായി സമന്വയിച്ച് ജീവിതത്തെ സാർത്ഥകമാക്കുവാൻ കഴിയൂ.

11. മനുഷ്യവർഗ്ഗത്തിന്റെ ഐക്യത്തിന്റേയും താദാത്മ്യതയുടെയും അടയാളമാണ് അപ്പം. മാത്രമല്ല കൂട്ടായ്മയുടെയും പങ്കിടലിന്റേയും കൂടിയാണ്. ക്രിസ്തീയഭാഷയിലെ കേന്ദ്രീകൃത ആശയമാണ് അപ്പം. നമ്മുടെ ജീവിതനിലനില്പിനിതാവശ്യമാണ്. 1 കൊരി. 10:17 ൽ നാം വായിക്കുന്നു: 'അപ്പം ഒന്നാകകൊണ്ട് പലരായ നാം ഒരു ശരീരം ആകുന്നു. നാം എല്ലാവരും ആ ഒരേ അപ്പത്തിന്റെ അംശികൾ ആകുന്നുവല്ലോ'. വി. കുർബ്ബാനയിൽ അപ്പം ക്രിസ്തുവിന്റെ തിരുശരീരമാണ്. അതു് എല്ലാവർക്കുമായി എല്ലാവർക്കുമിടയിൽ പങ്കുവെച്ചു. ദൈവം ഓരോ സമയവും ബലിപീഠത്തിലും ഭവനമേശയിലും അപ്പം നൽകുന്നു. നമുക്കെല്ലാവർക്കുമായുള്ള വലിയ ദൈവീകദാനമായി അതിനെ സ്വീകരിക്കണം. മാത്രമല്ല പരസ്പരം ദൈവാത്മാവിൽ അതു് പങ്കുവെക്കണം. അതിനായിട്ടാണ് അതു് നൽകിയതു്. നാം 'ഒരേ അപ്പമാണ്'. കാരണം ദൈവം നമുക്ക് ഒരു, അപ്പം നമ്മുടെ പരസ്പരപങ്കുവയ്ക്കലിനു നൽകിയതു് സ്നേഹത്തിൽ നമ്മെ ഒന്നാക്കാനാണ്. ഗ്രീക്കിൽ ഒരു പഴഞ്ചൊല്ലുണ്ട് 'We do not live in order to eat, but we eat in order to live'. നാം എന്തിനായി ജീവിക്കുന്നു? ഇതിനുള്ള ക്രിസ്തീയ ഉത്തരം സ്നേഹിക്കാനായി ജീവിക്കുന്നു എന്നാണ്. ഈ ലക്ഷ്യത്തിനായിട്ടാണ് അന്നന്നുള്ള അപ്പം നൽകിയിരിക്കുന്നതു്. അതിനായിട്ടാണ് നാം പ്രാർത്ഥിക്കുന്നതു്. ഒരു ദിവസംകൂടി സ്നേഹത്തിൽ സ്നേഹിക്കുവാൻ. ഈ സ്നേഹമാണ് കൂട്ടായ്മയിലേക്കും പങ്കുവെക്കലിലേക്കും നമ്മെ നയിക്കുന്നതു്. കൂട്ടായി ഉല്പാദിപ്പിക്കുന്ന ഭക്ഷ്യസാധനങ്ങൾ മററുള്ളവരുടെ ആവശ്യത്തിനായും വിതരണം ചെയ്യണം. എങ്കിൽ മാത്രം നമുക്ക് സത്യമായി ഞങ്ങൾക്കാവശ്യമുള്ള അപ്പം തരണമേ എന്നു പ്രാർത്ഥിപ്പാൻ കഴിയൂ.

12. നിസ്സായിലെ മാർ ഗ്രീഗോറിയോസ് ആ അപേക്ഷയ്ക്കു വളരെ ആഴമായ വ്യാഖ്യാനം നല്കുന്നുണ്ട്. ഈ ലോകത്തു് കടന്നുപോകുന്നവയിൽ കൂടുതൽ ശ്രദ്ധചെലുത്താതിരിക്കണമെന്നും അതിനായി കഠിനാദ്ധ്വാനം ചെയ്യുന്നതു് നിർത്തുവാനും അദ്ദേഹം ആഹ്വാനം ചെയ്യുന്നു. മനുഷ്യപ്രകൃതിയുടെ ആവശ്യങ്ങൾ കേവലം പരിമിതമാണ്. ശരീരത്തിനു ഭക്ഷണം ആവശ്യമാണ്. എന്നാൽ വെള്ളിക്കുവേണ്ടിയും സ്വർണ്ണത്തിനു



വേണ്ടിയും പരക്കം പായുന്ന മനുഷ്യനെ അവന്റെ വയറാകുന്ന ചുങ്കക്കാരൻ സുഖമായി കഴിയണമെന്ന ആഗ്രഹമാണ് ഭരിക്കുന്നതു്. ശരീരത്തിനാവശ്യമായ അപ്പത്തിനായി മാത്രം അപേക്ഷിക്കുക. ആഡംബരത്തിനും ക്ഷണികമായ രുചിക്കും വേണ്ടിയാണ് മനുഷ്യൻ കണ്ടുപിടിച്ച പലതും. അവ പ്രയോജനരഹിതമായ കളകളാണ്. ഗൃഹാധിപൻ വിതച്ചതു ഗോതമ്പാണ്. ആഡംബരങ്ങളാകട്ടെ ഗോതമ്പിന്റെകൂടെ ശത്രു വിതച്ച കളകളാണ്. ആവശ്യമുള്ളവകൊണ്ടു മാത്രം തങ്ങളുടെ പ്രകൃതിയെ തൃപ്തമാക്കാൻ മനുഷ്യർ വിസമ്മതിക്കുന്നപക്ഷം മായകളുടെ പിന്നാലെയുള്ള പരക്കം പാച്ചിൽ അവരെ ഞെക്കിക്കൊല്ലും. ആത്മാവ് ഈ ലൗകികകാര്യങ്ങളിൽ മാത്രം മുഴുകിക്കഴിഞ്ഞാൽ അതിന്റെ ശ്വാസഗതി മന്ദമാകും. ഇന്ദ്രിയങ്ങൾവഴി മനുഷ്യജീവിതവുമായി കൂടികുഴഞ്ഞു കിടക്കുന്ന വിവിധ രീതിയിലുള്ള ജഡമോഹങ്ങൾ സർപ്പത്തിന്റെ ചെതുമ്പലുകളാണ്. അതിനാൽ ഈ ജന്തുവിനോടുകൂടെ ജീവിക്കാതിരിക്കാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ തിന്മയുടെ ആക്രമണത്തെ സൂക്ഷിക്കുക. അത്യാവശ്യമുള്ള സാധനങ്ങൾ മാത്രം അന്വേഷിക്കുക. എളുപ്പം ലഭിക്കാൻ സാധ്യമായതു് ലഭിച്ചുകഴിയുമ്പോൾ, നിന്റെ ജീവസന്ധാരണത്തിനുമാത്രം ആവശ്യമായതു് കിട്ടിക്കഴിയുമ്പോൾ അതുകൊണ്ടു് തൃപ്തിപ്പെട്ടുകൊൾക. ആഡംബരം ആഗ്രഹിക്കുന്നവന് കൂടുതൽ പണം ആവശ്യമാണ്. അതുനിമിത്തം ഒരുവന്റെ അയൽക്കാരൻ സങ്കടപ്പെടേണ്ടിവരും, തങ്ങളുടെ സമ്പാദ്യം പോയതിനാൽ അനേകർ കഷ്ടതയനുഭവിക്കേണ്ടിവരും. എല്ലാം ആഡംബരം ആഗ്രഹിച്ച മനുഷ്യന്റെ അതിനായുള്ള പരക്കം പാച്ചിൽകൊണ്ടുണ്ടായതാണ്. ഇങ്ങനെയുള്ള കാര്യങ്ങളൊന്നും സംഭവിക്കാതിരിക്കുന്നതിനാണ് യേശു അപ്പം മാത്രം ആവശ്യപ്പെടാൻ നമ്മോടു കല്പിച്ചതു്. അപ്പത്തിനു പ്രകൃതി നൽകുന്ന രുചി മതിയാകും. എല്ലാററിനുമുപരിയായി ഒരു നല്ല മനസ്സാക്ഷിയാണ് അപ്പത്തിനു രുചി പകരുന്നതു്. ധർമ്മത്തോടെയാണ് അതു് ഭക്ഷിക്കേണ്ടതു്. ഭക്ഷിക്കുന്നതിനു മുമ്പ് ഓർത്തിരിക്കേണ്ട കല്പനയിതാണ്: 'മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും'(ഉല്പ.3:19). വേദപുസ്തകം സൂചിപ്പിക്കുന്ന രുചി ഇതാണ്.

13. നാം ഭക്ഷിക്കുന്ന അപ്പം ചൂഷണഫലമാണെങ്കിൽ അതു് ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടതല്ല. അതു് പോഷകഗുണം നൽകിയേക്കാം. എന്നാൽ മനുഷ്യജീവനെ പോഷിപ്പിക്കുന്ന കാര്യത്തിൽ പരാജയമായിരിക്കും. നീതിയുടേയും സാഹോദര്യത്വത്തിന്റേയും ചട്ടക്കൂട്ടിൽ ജീവിക്കുമ്പോൾ മാത്രമെ അതു് മാനുഷീകമാകുന്നുള്ളു. അനീതിയുടെ അപ്പം നമ്മുടേതല്ല മോഷ്ടിച്ചതാണ്. അതു് ആരുടേതോ ആണ്. മററുള്ളവരുടേതു്

അവർക്കു നൽകാതെ ഭക്ഷിക്കുന്നവൻ അവരുടെ അപ്പമല്ല ഭക്ഷി
ക്കുന്നതു്. അവരുടേയും മററുള്ളവരുടേതുംകൂടിയാണ് ഭക്ഷിക്കു
ന്നതു്. അനേക ദരിദ്രകോടികൾ പട്ടിണികോലങ്ങളായി ജീ
വിക്കുന്ന ലോകത്തു് നമ്മുടെ ഭക്ഷണത്തിൻെറ ഗുണം ചോദ്യം
ചെയ്യപ്പെടുന്നു. അതു് അതിക്രൂരമാണ്. കാരണം, അതു്
അനേക പിഞ്ചുകുഞ്ഞുങ്ങളുടെ കണ്ണുനീർ ഉൾക്കൊള്ളുന്നതാണ്.
അതു് കഠിനതരമാണ്. കാരണം അതിൻെറ സത്ത അനേക
ഒഴിഞ്ഞ വയറുകളുടെ പീഡനം ആശ്ലേഷിക്കുന്നതാണ്. അതു്
നമ്മുടെ ഭക്ഷണമെന്നു പറവാൻ നമുക്കർഹതയില്ല.' 'അപ്പം
ഒരു സാമൂഹ്യ രൂപാന്തരത്തിനായി നമ്മെ ആഹ്വാനംചെയ്യുന്നു.
'എനിക്കുവേണ്ടിയുള്ള ആവശ്യങ്ങൾ' സുവിശേഷം നിഷേ
ധിക്കുന്നു. മററുള്ളവരുടെ ആവശ്യങ്ങൾ പരിഗണിക്കുന്നു.
'ഞങ്ങളുടെ അപ്പം മാത്രമെ ദൈവത്തിൻെറ അപ്പമായിത്തീരു
ന്നുള്ളു. നിസ്സായിലെ മാർ ഗ്രീഗോറിയോസ് നമ്മെ ഓപ്പി
ക്കുന്നു. 'ദൈവം നൽകുന്ന ഭക്ഷണം നീതിയുടെ ഫലവും സ
മാധാനത്തിൻെറ കററയിൽനിന്നുള്ള ധാന്യവും ആണ്. അതു
നിർമ്മലമാണ്. കളകളുടെ ഫലം അതിൽ കലന്നിട്ടില്ല.
മറിച്ചു്, വേറൊരുവൻെറ വസ്തുവാണ് നിൻെറ കൃഷിസ്ഥലമെ
ങ്കിൽ ഒരു രേഖയുടെ പിൻബലത്തിൽ നീതിരാഹിത്യം നീ
പരിശീലിക്കുന്നെങ്കിൽ നീ ദൈവത്തോടു് അപ്പം നൽകുണ
മെന്നു പറഞ്ഞാൽ നിൻെറ അപേക്ഷ കേൾക്കുന്നതു് ദൈവമാ
യിരിക്കയില്ല മറെറാരുവനായിരിക്കും. എന്തെന്നാൽ അനീ
തിയുടെ ഫലമാകട്ടെ ദൈവത്തിനെതിരായിട്ടുള്ള സ്വഭാവത്തി
ൻേറതാണ്. നീതിയെ പിൻചെല്ലുന്നവൻ തൻെറ ഭക്ഷണം
ദൈവത്തിൽനിന്നു് സ്വീകരിക്കുന്നു. അനീതി കൃഷിചെയ്യു
ന്നവനു ഭക്ഷണം നൽകുന്നതു് അനീതിയുടെ പിതാവാണ്.
അതിനാൽ ദൈവത്തോടു് അപ്പത്തിനുവേണ്ടി പ്രാത്ഥിക്കുന്ന
തിനുമുമ്പു് നിൻെറ മനസ്സാക്ഷിയെ പരിശോധിക്കുക. അനീ
തിയുടെ കാഴ്ചകൾ നീ സമർപ്പിക്കാതിരിക്കുക. നിൻെറ
അപ്പം ദൈവത്തിൻെറ പക്കൽനിന്നാണെങ്കിൽ; അതായതു്
നീതിയുള്ള പ്രയത്നംവഴിയുള്ളതാണെങ്കിൽ, നീതിയുടെ ഫല
ങ്ങൾ നിനക്കു ദൈവത്തിനു സമർപ്പിക്കാം.

14. 'ഞങ്ങൾക്കു് ആവശ്യമുള്ള അപ്പം തരേണമേ' എന്നു
പ്രാത്ഥിക്കുമ്പോൾ അതിനു് ഒരു ആത്മീക അത്ഥവുമുണ്ടു്. മനു
ഷ്യനു് ഭൗതീക അപ്പംകൊണ്ടുമാത്രം ജീവിപ്പാനും ജീവനെ പ്രാ
പിപ്പാനും സാദ്ധ്യമല്ല. അഞ്ചപ്പംകൊണ്ടു് അയ്യായിരങ്ങളെ
പോഷിപ്പിച്ചശേഷം കർത്താവു് പറഞ്ഞു: 'നശിച്ചുപോകുന്ന
ആഹാരത്തിനായിട്ടല്ല നിത്യജീവങ്കലേക്കു നിലനില്ക്കുന്ന
ആഹാരത്തിനായിട്ടുതന്നെ പ്രവർത്തിപ്പിൻ. അതു മനുഷ്യ
പുത്രൻ നിങ്ങൾക്കു തരും. ദൈവത്തിൻെറ അപ്പമോ സ്വർഗ്ഗ



ത്തിൽനിന്നിറങ്ങിവന്നു് ലോകത്തിനു ജീവനെ കൊടുക്കുന്ന
താകുന്നു. ഞാൻ ജീവൻെറ അപ്പമാകുന്നു. എൻെറ അടുക്കൽ
വരുന്നവനു് വിശക്കയില്ല. എന്നിൽ വിശ്വസിക്കുന്നവനു്
ഒരുനാളും ദാഹിക്കയുമില്ല. സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവ
നുള്ള അപ്പം ഞാനാകുന്നു. ഈ അപ്പം തിന്നുന്നവൻ എന്നന്നേ
ക്കും ജീവിക്കും. ഞാൻ കൊടുക്കാനിരിക്കുന്ന അപ്പമോ ലോക
ത്തിൻെറ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന എൻെറ മാംസമാ
കുന്നു' (യോഹ. 6:27, 33, 35, 51) നിത്യജീവൻ പ്രാപിക്കേ
ണ്ടതിനു് ജീവൻെറ അപ്പമാകുന്ന ക്രിസ്തുവിനെ (വി: കുബ്ബാന)
നിരന്തരം അനുഭവിക്കേണ്ടതിൻെറ ആവശ്യകതയിലേക്കു് ഈ
അപേക്ഷ വിരൽചൂണ്ടുന്നു. ജറോം 'സ്വർഗീയ അപ്പം' എന്ന
അത്ഥത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്. യഹൂദന്മാർ 'കർത്താവേ
ഈ അപ്പം ഞങ്ങൾക്കു തരേണമേ' എന്നു പറയുമ്പോൾ യേശു
ഉത്തരമായി 'ഞാൻ ജീവൻെറ അപ്പമാകുന്നു' എന്നു പറയുന്നു.
ഇവ രണ്ടും തമ്മിൽ ബന്ധമുണ്ടു്. ഈ സ്വർഗ്ഗീയഅപ്പം രണ്ടു
രീതിയിൽ വ്യാഖ്യാനിക്കാം. ഒന്നാമതു് യേശുവിൻെറ പ്ര
ഖ്യാപനവും പ്രവർത്തനവും (മർക്കോ. 7:27) രണ്ടാമതു് ആത്മീ
കഭക്ഷണം (വി. കുബ്ബാന) (Didrche 10:3).

15. നമ്മുടെ ആഹാരത്തിനായുള്ള അപേക്ഷ സ്വർഗ്ഗീയ
വിരുന്നുമായി ബന്ധപ്പെട്ടിരിക്കുന്നു. (ലൂക്കോ. 14:15; 6:21)
'നിങ്ങൾ എൻെറ രാജ്യത്തിൽ എൻെറ മേശയിങ്കൽ തിന്നുകുടി
ക്കും' എന്നു കർത്താവു് ശിഷ്യന്മാരെ ഓപ്പിക്കുന്നു. (ലൂ. 22:30)
മറെറാരിടത്തു കർത്താവു് പറയുന്നു: 'കിഴക്കുനിന്നും പടിഞ്ഞാ
റുനിന്നും അനേകർ വന്നു അബ്രഹാമിനോടും യിസഹാക്കിനോ
ടും യാക്കോബിനോടുംകൂടെ സ്വർഗ്ഗരാജ്യത്തിൽ പന്തിയിലി
രിക്കും' (മത്താ. 8:11) വെളിപ്പാടു് 7:16ൽ പറയുന്നു: 'ഇനി
അവർക്കു വിശക്കയില്ല ദാഹിക്കയും ഇല്ല. കാലാന്ത്യത്തിൽ
ദൈവരാജ്യം ഒരു വിരുന്നുമായി ബന്ധപ്പെട്ടിരിക്കുന്നു. (യശ.
25:6; സെഫ. 1:7). 'കുഞ്ഞാടിൻെറ കല്ല്യാണവിരുന്നു്'
എന്നു് വെളി. 19:9ൽ സൂചിപ്പിച്ചിരിക്കുന്നു. അന്ത്യ അത്താഴ
സമയത്തു് യേശു 'ദൈവരാജ്യത്തിൽ പുതുതായി പാനംചെ
യ്യുന്ന ദിവസം' (മർക്കോ. 14:25) എന്നു പറയുന്നതു പ്രസ്തുത
വിരുന്നാകാം. ഇപ്രകാരം പിതാവിൻെറ നിത്യരാജ്യത്തിലെ
ഭാവി ഭക്ഷണമാണ് 'ഞങ്ങൾക്കു് ആവശ്യമുള്ള അപ്പം തരേണ
മേ'എന്നു പ്രാർത്ഥിക്കുന്നതിലൂടെ അർത്ഥമാക്കുന്നതു്. മറെറാരു
രീതിയിൽ പറഞ്ഞാൽ 'നിൻെറ രാജ്യം വരേണമേ, നിൻെറ
വിമോചനകരമായ പ്രവർത്തനം ഉടൻ നടക്കണമേ, ഞങ്ങളെ
നിത്യജീവനിൽ പങ്കാളികളാക്കണമേ യഥാർത്ഥ ഭക്ഷണത്തി
നു്, ആ വിരുന്നിലേക്കു് ഞങ്ങളെ എടുക്കണമേ' എന്നു പ്രാ
ത്ഥിക്കുകയാണ്.

16. 'ഞങ്ങൾക്കാവശ്യമുള്ള അപ്പം 'ഇന്നു' ഞങ്ങൾക്കു
തരണമേ' എന്നാണല്ലോ നാം പ്രാർത്ഥിക്കുന്നതു്. 'ഇന്നു' അഥ
വാ 'ഇന്നേദിവസം' എന്ന വാക്കു് വളരെ അർത്ഥങ്ങൾ ഉൾ
ക്കൊള്ളുന്നതായി നിസ്സായിലെ മാർ ഗ്രീഗോറിയോസ് വ്യാ
ഖ്യാനിക്കുന്നു. ഇതിന്റെ ഒരർത്ഥം മനുഷ്യജീവിതം ഒരു ദിവ
സത്തെ ജീവിതം മാത്രമാണെന്നുള്ളതിൽനിന്നും പഠിക്കാം.
വർത്തമാനകാലത്തെ മാത്രമെ തന്റേതെന്നു് ഒരുവനു വിളി
ക്കാനൊക്കു. ഭാവി അനിശ്ചിതമാണ്. നാളെ എങ്ങിനെയി
രിക്കുമെന്നു നമുക്കറിഞ്ഞുകൂടാ. (സുഭാ. 27:1). എന്തിനു നാളെ
യെക്കുറിച്ചു നാം വിഷമിക്കണം. യേശു അരുളിച്ചെയ്യുന്നു 'അ
താതു ദിവസത്തിനു് അതാതു ദിവസത്തിന്റെ ദോഷം (കഷ്ട
ത) മതി'. 'കഷ്ടത' സഹിക്കുക എന്നാണിതിന്റെ അർത്ഥമാ
യി ഗ്രിഗറി പറയുന്നതു്. നാളയെപ്പറ്റി എന്തിനു ദുഃഖിക്കു
ന്നു. മറ്റൊരു വ്യാഖ്യാനം, ശാരീരികജീവിതം വർത്തമാന
കാലത്തേക്കു മാത്രം ഉള്ളതാണ്. എന്നാൽ പ്രത്യാശയാൽ
ഗ്രഹിക്കുന്ന വരാനിരിക്കുന്ന ജീവിതം ആത്മാവിനുള്ളതാണ്.
ഭോഷരായ മനുഷ്യർക്കു ആത്മാവിന്റേയും ശരീരത്തിന്റെയും
ജീവിതത്തെക്കുറിച്ചു് തെററു പററുന്നു. ശരീരത്തിന്റെ ജീവി
തത്തിൽ അവർ ആശകൾ വച്ചുപുലർത്തുകയും ആത്മാവിന്റെ
ജീവിതത്തെ വർത്തമാനകാലം ആസ്വദിക്കാൻ വലിച്ചിഴക്കു
കയും ചെയ്യുന്നു. അതുമൂലം ആത്മാവു കാണപ്പെടുന്ന കാര്യങ്ങ
ളിൽ മാത്രം മുഴുകികഴിയുകയും അതിന്റെ ജീവിതത്തിനു നില
നില്പു നൽകുന്ന പ്രത്യാശയുടെ യാഥാർത്ഥ്യത്തിൽ നിന്നു്
വ്യതിചലിക്കുകയും ചെയ്യുന്നു. അതിനാൽ ഇന്നത്തേക്കും ഭാ
വിയിലേക്കും എന്താണ് ആവശ്യപ്പെടേണ്ടതെന്നു് ഈ ഉദ്
ബോധനത്തിൽ നിന്നു നമുക്കു പഠിക്കാം. അപ്പം ഇന്നത്തെ ഉപ
യോഗത്തിനുള്ളതാണ്. രാജ്യം (സ്വർഗ്ഗം) നാം പ്രത്യാശ നി
ക്ഷേപിച്ചിരിക്കുന്ന സൗഭാഗ്യത്തിനുള്ളതാണ്. നമ്മുടെ എല്ലാ
ശാരീരിക ആവശ്യങ്ങളുമാണ് അപ്പംകൊണ്ടു് യേശു ഉദ്ദേശി
ക്കുന്നതു്. എന്നാൽ, ആത്മാവിനാവശ്യമുള്ള നല്ല കാര്യങ്ങൾ
നാം ആവശ്യപ്പെട്ടാൽ ആ അപേക്ഷ എന്നും നിലനില്ക്കുന്ന യാ
ഥാർത്ഥ്യങ്ങൾക്കു വേണ്ടിയാണ്. കർത്താവ് പറയുന്നു: 'മുമ്പേ
അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ. അതോടുകൂടെ
ഇതൊക്കെയും നിങ്ങൾക്കു കിട്ടും' (മത്താ. 6:33).

17 സമൂഹത്തിലെ അനീതിയും, സാമ്പത്തിക അസമ
ത്വങ്ങളും ഇന്നു വർദ്ധിതമായിരിക്കുന്നതിനാൽ ഭൂമുഖത്തെ $\frac{2}{3}$
രാജ്യങ്ങളും നമ്മുടെ നാട്ടിൽ $\frac{1}{3}$ ജനതയും ദാരിദ്ര്യത്താൽ വലയു
ന്നു. ഇന്നു ലോകത്തുള്ള ജനങ്ങളിൽ പകുതി പോഷകാഹാര
ത്തിന്റെ അപര്യാപ്തതയാൽ വലയുന്നവരാണ്. പതിനഞ്ചു
ശതമാനത്തിന്റെ സുഖകരമായ ജീവിതത്തിനായി 85% ലോക



ജനത കഷ്ടപ്പെടുന്നു. ഇന്നത്തെ ലോകത്തിൽ $\frac{2}{3}$ ജനതയുടെ
അടിസ്ഥാന ആവശ്യങ്ങൾ അപര്യാപ്തങ്ങളാണ്. ഇന്ത്യയിലെ
20 കോടി ജനങ്ങൾ വിശപ്പോ, രോഗമോ അനുഭവിക്കാത്ത
ദിവസമില്ല. 1985–86 ൽ ഇന്ത്യയിലുള്ള ദരിദ്രരുടെ സംഖ്യ
കണക്കാക്കിയിട്ടുള്ളതു് 21.1 കോടിയാണ്. പോഷകാഹാര
കുറവുമൂലം അംഗവൈകല്യവും തീരാവ്യാധികളും പിടിപെട്ടു
വലയുന്ന കുഞ്ഞുങ്ങൾ അനേക കോടിയാണ്. നാം ജീവിക്കുന്ന
ഇന്ത്യയിൽ ഒരു വർഷം ഒരു ലക്ഷം കുഞ്ഞുങ്ങൾ ദാരിദ്ര്യവും
പോഷകാഹാരകുറവും നിമിത്തം മരിക്കുന്നു എന്നാണ് ഔദ്യോ
ഗിക കണക്കു്. ഇവിടെയാണ് ഈ പ്രാർത്ഥനയുടെ ആഴം മന
സ്സിലാക്കേണ്ടതു്. സമസ്തജനവിഭാഗത്തിനും സാമ്പത്തിക
നീതിയും മതപരസ്വാതന്ത്ര്യവും സ്വയനിർണയാവകാശവും
അന്തസ്സായി ജീവിക്കാനുള്ള സാഹചര്യങ്ങൾക്കും എതിരായി
നിലകൊള്ളുന്ന അനീതിയുടേയും ചൂഷണത്തിന്റേയും മർദ്ദന
ത്തിന്റേതുമായ സർവ്വ തിന്മയുടെ ശക്തി ദുർഗ്ഗങ്ങൾക്കും ഘടന
കൾക്കും വ്യവസ്ഥിതികൾക്കുമെതിരെ അതിശക്തമായി പോ
രാടാനുള്ള സഭയുടെ ദൗത്യത്തെയാണിതു് വെളിവാക്കുന്നതു്.
ക്രൈസ്തവസഭകൾതന്നെ സംശുദ്ധീകരിക്കപ്പെടണം. അനുതാ
പത്തിലേക്കു നയിക്കപ്പെടണം. ദരിദ്ര ജനകോടികളുടെ പക്ഷം
ചേർന്നു് അവർക്കായി പങ്കുവച്ചു് അവർക്കായി ജീവിക്കുക
വഴി ക്രിസ്തുവിനായി ജീവിക്കാനും അവനുമായുള്ള കൂട്ടായ്മയിൽ
ജീവിക്കുവാനും കഴിയണം. ഇവിടെ 'പങ്കുവയ്ക്കുക' എന്നതു്
പ്രവർത്തിയിലുള്ള സ്നേഹമാണ്. (Sharing is love in action)
ക്രിസ്തീയ സാക്ഷ്യത്തിന്റെ യഥാർത്ഥ രൂപമാണ്. (മർക്കോ.
10:21) അപ്പത്തിന്റെ പങ്കിടീൽ അർത്ഥമാക്കുന്നതു് ദാരിദ്ര്യ
ത്തിന്റെ കാരണങ്ങളെ ഇല്ലായ്മ ചെയ്യാൻ സമരം ചെയ്യുക
എന്നാണ്. ഈ പങ്കിടീൽ ഔദാര്യത്തിന്റെ പിച്ചക്കാശ്
എറിഞ്ഞുകൊടുക്കലല്ല. മനുഷ്യ അന്തസ്സിനേ ഉയർത്തി കാട്ടു
ലാണ്. പങ്കിടുക എന്നതിനു മറ്റൊരർത്ഥം ലളിതമായി ജീ
വിക്കുക എന്നാണ്. അതുവഴി മററനേകരെ അന്തസ്സായി ജീ
വിക്കാൻ അനുവദിക്കുക.

18 അപ്പം വിശുദ്ധമായ യാഥാർത്ഥ്യത്തെ പ്രതിനിധീ
കരിക്കുന്നു. വളരെ ആദരവോടും ബഹുമാനത്തോടും കൈകാ
ര്യം ചെയ്യേണ്ടതാണ്. അപ്പം വിശുദ്ധമാണ് കാരണം അതു്
ജീവന്റെ രഹസ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. പഴയനിയമ
ത്തിൽ അപ്പം ദൈവം തന്റെ ജനത്തിനു നൽകുന്ന സ്നേഹം,
കൃപ എന്നിവയുടെ മൗലീക അടയാളമായിരുന്നു. ക്രിസ്ത്യാനി
കൾ അപ്പം വളരെ വിശുദ്ധമാണ്. കാരണം ഭാവിരാജ്യത്തിൽ
ദൈവവും വിശുദ്ധന്മാരുമായവരോടും കൂടെയുള്ള വിരുന്നിന്റെ
അന്തിമ പുനരൈക്യം പ്രതീകമായി കാണിക്കുന്നു. അപ്പം

യേശുവാണ്. വി. കുർബ്ബാനയാണ്. അത് നിത്യജീവൻെറ
ഔഷധമാണ്. അത് ജീവനെ പരിപോഷിപ്പിക്കുന്നു. ദൈവ
ദാനമായ അപ്പം വിശുദ്ധമായ യാഥാർത്ഥ്യത്തെ പ്രതിനിധീ
കരിക്കയാൽ, ദൈവാനുഗ്രഹങ്ങളുടെ രഹസ്യാത്മകത മനസ്സി
ലാക്കി ഭക്ഷണം നഷ്ടപ്പെടുത്താതെ ആദരപൂർവ്വം ഉപയോഗിക്ക
ണം. ഭക്ഷണം യാതൊരു മനസ്സാക്ഷിയും കൂടാതെ നഷ്ടപ്പെടുത്തു
ന്നത് ദൈവീക ദാനത്തോടും കൃപയോടുമുള്ള നിഷേധവും
നന്ദികേടുമാണ്. അതുകൊണ്ടാണ് 'wasting is sin' എന്നു
പറയുന്നത്.

19 അനുദിന ഭക്ഷണത്തിൻെറ ദൈവീക ഉറവിടത്തെ
സംബന്ധിച്ച പ്രമാണം നാം ശ്രദ്ധാപൂർവ്വം മനസ്സിലാക്കണം.
ഈ പ്രമാണം ക്രിസ്തീയ വിശ്വാസപ്രമാണത്തിൽ നാം പ്രഖ്യാ
പിക്കുന്നു. 'കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സ്ഥ
ലത്തിൻേറയും സ്രഷ്ടാവായ പ്രത്യേക ദൈവം' എന്ന്. ഇ
തിൻെറ അർത്ഥം ആത്മീകവും ഭൗതീകവുമായ സകലത്തിൻേറ
യും സ്രഷ്ടാവ് എന്നാണ്. ആദിമസഭയിലും സമൂഹത്തിലും
അതുപോലെ ഇന്നത്തെ സഭയിലും സമൂഹത്തിലും ചിലർ ദൈ
വത്തിൻെറ എല്ലാ പ്രവർത്തനങ്ങളെയും ദൈവത്തേയും ആത്മീ
കരിക്കുന്ന തെററായ പ്രവണത കാണാൻ കഴിയുന്നു. മനുഷ്യൻ
അവൻെറ മതത്തെ ആത്മീകരിക്കുമ്പോൾ, ഈ തെററായ മാർഗ്ഗ
ത്തിൽ ഭൗതീക ലോകം ദൈവീക പരിഗണനയ്ക്കും അധികാര
സീമയ്ക്കും പുറത്താകുന്നു. ഭൗതീകലോകം യേശുവിൻെറ മതത്തി
നുവെളിയിലാണെന്ന ചിന്ത ശരിയല്ല. അങ്ങിനെയെങ്കിൽ
എന്തിന് യേശു ഭൗതിക ലോകത്തു വന്നു? അതിൻെറ ആവശ്യ
മില്ലായിരുന്നല്ലോ. ഭൗതീക ഭക്ഷണത്തിനുവേണ്ടി പ്രാർത്ഥി
ക്കുകയും വേണ്ടായിരുന്നു. ഒരു ചിന്തകൻ പറയുന്നു: 'The religion
of Jesus is in its essense entirely a religion of the Spirit.' (Mr.
White) അദ്ദേഹം ഇതിനെ വീണ്ടും വിശദീകരിച്ചു പറയുന്നു.
ക്രിസ്ത്യാനിത്വത്തിൻെറ ആത്മീകസത്ത, മനുഷ്യഹൃദയങ്ങളുടെ
ആഴമായ സംതൃപ്തിയിൽ കരുണയെ കൊടുക്കുക എന്നതാണ്.
ഇത് ഏററവും വലിയ പ്രമാണമാണ്. ദൈവപുത്രൻ ഭൗമീ
കലോകത്ത് വന്നത് നാം ഗൗരവമായി എടുക്കണം. ഇതി
ൻെറ വിമോചനത്തിനും വീണ്ടെടുപ്പിനുമാണ്. ദൈവത്തെ
ആത്മീകതലത്തിൽ മാത്രം കുടുക്കി നിർത്താനുള്ള പ്രേരണയ്ക്കു
കാരണം ഭൗമീകതലത്തിൽ വരുന്ന എല്ലാ തിന്മകളുടേയും ധാ
ർമ്മിക ഉത്തരവാദിത്വത്തിൽനിന്നും ദൈവത്തെ ഒഴിച്ചുനിർത്താ
നാണോ എന്നു തോന്നും. ദൈവം ഇന്നും ഭൗമീകതലത്തിൽ
പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നംഗീകരിച്ച്, അവൻെറ കൂട്ടു
വേലക്കാരായി നാം പ്രവർത്തിച്ചുകൊണ്ട് തിന്മയോടുള്ള നി
സംഗതാമനോഭാവം മാററി, അവയെ ദൂരീകരിപ്പാനും സർവ്വർക്കും



സർവ്വ നന്മയും ലഭ്യമാകുവാനും ത്യാഗമനുഭവിക്കണമെന്ന് ഈ
പ്രാർത്ഥന നമ്മെ പഠിപ്പിക്കുന്നു.

20. ആധുനിക ഭൗതീക വിപ്ലവമനസ്സിൽ മതത്തിനെ
തിരായ മനോഭാവം വികസിച്ചിട്ടുണ്ട് എന്നത് ഒരു സത്യമാ
ണ്. മനുഷ്യനും, മാനവികതയ്ക്കും, ഭൗമീകലോകത്തിനും ഇതി
ലെ ജീവിതത്തിനും പരമപ്രാധാന്യം കൊടുത്തു ചിന്തിക്കുന്ന
വ്യക്തി പലപ്പോഴും ദൈവം, ദൈവീകരണം, സ്വർഗ്ഗം എന്നീ
ശാശ്വതസത്യങ്ങളെ അവഗണിക്കുന്നില്ലേ എന്നു തോന്നിപ്പോ
കുന്നു. മാത്രമല്ല ആരാധനയ്ക്കുള്ള സ്വാതന്ത്ര്യത്തെ അപ്പത്തിനു
ള്ള നീതിക്കായി മാററുന്നത് ശരിയാണെന്നു നേതാക്കൾ ശഠി
ക്കുന്നു. ഇവ രണ്ടും ഒരുമിച്ചു പോകണം. മനുഷ്യവർഗത്തിൻെറ
ആത്യന്തികലക്ഷ്യം ദൈവത്തെ മഹത്വപ്പെടുത്തുകയും അവ
നിൽ എല്ലായ്പോഴും സന്തോഷിക്കുകയും ചെയ്യുകയാണെ
ങ്കിൽ അപ്പം ആ സന്തോഷത്തിൻെറ ആരംഭമായിരിക്കണം.
ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്നതിന്
ഭൗതീകമായി 'അപ്പം' നമ്മെ ശക്തീകരിക്കും. ഭൂമിയിലുള്ള
എല്ലാ അയൽക്കാരുടേയും ആവശ്യങ്ങളോടുള്ള പ്രതിബദ്ധത
നാം നോക്കണം. വിശക്കുന്ന മനുഷ്യന് ആത്മാവിലും സത്യ
ത്തിലും ആരാധിപ്പാൻ കഴിയുകയില്ല. 'നിൻെറ രാജ്യം വര
ണമേ' എന്നു പ്രാർത്ഥിക്കുമ്പോൾ അതിനർത്ഥം ദൈവത്തെ
ആരാധിക്കുന്നതിന് സർവ്വരും സ്വതന്ത്രമാക്കപ്പെടുന്ന അതിനാ
യി ശക്തീകരിക്കുന്ന ഒരു സമൂഹമായി തീരണം എന്നാണ്.